# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *450 16.05.2017-ൽ മറുപടി പറയേണ്ടത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.യു.ആർ.പ്രദീപ്<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.ബി.സത്യൻ<br>ശ്രീമതി യു. പ്രതിഭ ഹരി | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തന കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ.) നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | പഞ്ചായത്തുകളുടെ കാര്യശേഷി വർദ്ധനവിനും ശാക്തീകരണത്തിനും അതു വഴി ജനാധിപത്യ വികേന്ദ്രീകരണവും ജനകീയ പങ്കാളിത്തവും ഉത്തരവാദിത്വവും വർദ്ധിപ്പിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ. |
| (സി) | നടപ്പ സാമ്പത്തികവർഷം ഈ പദ്ധതിപ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | **പഞ്ചായത്ത് ആസ്ഥാന മന്ദിരങ്ങൾ**<br>22 ഗ്രാമ പഞ്ചായത്തുകൾക്ക് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി 15 ലക്ഷം രൂപ വീതം നൽകി.<br>**കാര്യശേഷിവികസനവും പരിശീലനവും**<br>ഈ ഘടക പദ്ധതിയിൽ വിവിധ പരിശീലന പരിപാടികൾ കിലയും, എസ്.ഐ.ആർ.ഡി യും വഴി നടത്തുകയുണ്ടായി.<br>**സ്ഥാപന ശേഷി വർദ്ധിപ്പിക്കൽ**<br>കാസർഗോഡ്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ ജില്ലാ പ്ലാനിംഗ് ആൻഡ് റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

**ഉപഗ്രാഹാധിഷ്ഠിത വിദൂര പഠന സംവിധാനം**

ഈ ഘടക പദ്ധതിയ്ക്ക് കീഴിൽ കേരള സംസ്ഥാനം മാതൃകയായി നടപ്പാക്കിയ വെർച്ചൽ ക്ലാസ്സ് റൂമുകൾ ഉദ്ഘാടനം ചെയ്തു. ഈ ക്ലാസ് റൂമുകൾ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളും മറ്റു സർക്കാർ വകുപ്പുകളും നിരന്തരമായി പരിശീലന പരിപാടികളും അവലോകന യോഗങ്ങളും കാര്യക്ഷമമായി നടപ്പാക്കി വരുന്നു.

**ഗ്രാമപഞ്ചായത്തുകളുടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ**

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നത് ലക്ഷ്യമിട്ട ISO Consultant മാരെയും സർട്ടിഫിക്കേഷൻ ബോഡിയെയും കേന്ദ്രീകൃതമായി നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**ഓൺ ലൈൻ റെപ്പോസിറ്ററിയും മലയാളം യൂണിക്കോഡ് നടപ്പാക്കലും**

പഞ്ചായത്ത് നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഓൺ ലൈൻ റെപ്പോസിറ്ററി തയ്യാറാക്കലും ഭരണ നിർവ്വഹണ രേഖകൾ യൂണിക്കോഡ് മലയാളത്തിലാക്കി മാറ്റുന്നതിനും മലയാളം യൂണിക്കോഡ് അധിഷ്ഠിത ടൈപ്പിംഗ് പഞ്ചായത്ത്തലം വരെ നടപ്പാക്കുന്ന പദ്ധതി പുരോഗമിച്ചു വരുന്നു.

**മേൽ നോട്ടവും വിലയിരുത്തലും**

ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി മേൽ നോട്ടവും വിലയിരുത്തലും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് GPRMS എന്ന വെബ് ആപ്ലിക്കേഷൻ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു. ഇതു കൂടാതെ നഗരസഭകളും കോർപ്പറേഷനും ഉൾപ്പെടെ എല്ലാ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളുടെയും ദൈനംദിന പദ്ധതി പുരോഗതി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുതൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും SMS വഴി നൽകുന്ന നൂതന പദ്ധതി ആവിഷ്കരിച്ചു.

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനും താഴെ പറയുന്ന വിവിധ പരിപാടികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും ISO സർട്ടിഫിക്കേഷൻ നേടിയെടുക്കൽ.<br>2. ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തന നിലവാരം ഉയർത്തുന്നതിനായി IMG, കില, തുടങ്ങിയ സ്ഥാപനങ്ങൾ വഴി ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിദഗ്ദ്ധ പരിശീലനം നൽകൽ.<br>3. പഞ്ചായത്തുകളുടെ മേൽ നോട്ടത്തിനും പുരോഗതി വിലയിരുത്തലിനും നൂതന പദ്ധതികൾ നടപ്പാക്കൽ.<br>4. കാര്യശേഷി വികസനവും മേൽ നോട്ടവും അന്തർ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ ഉതകുന്ന വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പാക്കൽ. |

സെക്ഷൻ ഓഫീസർ